വിളയൂർ ഗ്രാമപഞ്ചായത്തിലെ ബംഗ്ലാംകുന്നിൽ ആശുപത്രി ആരംഭിക്കുന്നതിന് നടപടി

116 (2245) ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട് ജില്ലയിലെ വിളയൂർ ഗ്രാമപഞ്ചായത്തിൽ ബംഗ്ലാംകുന്നിൽ ആരോഗ്യ വകുപ്പിന് എത്ര സ്ഥലമുണ്ട് ;

(ബി) ഈ സ്ഥലം സംരക്ഷിച്ച് ഇവിടെ ആരോഗ്യവകുപ്പിന് കീഴിൽ ആശുപത്രിയോ ഇതര സ്ഥാപനങ്ങളോ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 1 ഏക്കർ 85 സെന്റ് സ്ഥലമുണ്ട്.

(ബി) വിളയൂർ ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട് നടപടി സ്വീകരിക്കുന്നതാണ്.

കുമരകം പി. എച്ച്. സെന്റർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ ആക്കുന്നതിനുള്ള നടപടി

117 (2246) ശ്രീമതി മേഴ്സി രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോട്ടയം ജില്ലയിലുള്ള കുമരകം പി. എച്ച്. സെന്റർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ ആയി ഉയർത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ&ബി) കുമരകം പി. എച്ച്. സെന്റർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ ആയി ഉയർത്തുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന് ലഭിച്ചിട്ടുണ്ട്. എന്നാൽ സർക്കാരിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് മാത്രമേ പ്രസ്തുത ആവശ്യം നടപ്പിലാക്കാൻ കഴിയൂ.

സാർസ് രോഗബാധ നിർണ്ണയിക്കുന്നതിനുള്ള ലബോറട്ടറി സംവിധാനം

118 (2248) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സാർസ് രോഗബാധ നിർണ്ണയിക്കുന്നതിനുള്ള ലബോറട്ടറി സംവിധാനം സംസ്ഥാനത്ത് ലഭ്യമാണോ ; ഇല്ലെങ്കിൽ ഇപ്പോൾ എന്ത് സംവിധാനത്തിലൂടെയാണ് ഈ രോഗ നിർണ്ണയം നടത്തുന്നതെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly